# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി-6/645/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 15/11/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി-6/645/2021 തീയ്യതി: 15/11/2021

## കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 22-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1)ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി, ഓഡിറ്റ് ഓഫീസർ
2)ശ്രീ.വിനോദ് കുമാർ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3)ശ്രീ.യാദവ കുമാര സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4)ശ്രീ.സുനിൽ കുമാർ .എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
5)ശ്രീ.ജനാർദ്ദനൻ സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. കെ എൻ കൃഷ്ണ ഭട്ട് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷൈലേന്ദ്രൻ എൻ | സെക്രട്ടറി | 01-04-2019 | 19-05-2019 |
| ശ്രീ.സുനിൽ കുമാർ എസ്(AS) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-05-2019 | 02-06-2019 |
| ശ്രീ.ഷൈലേന്ദ്രൻ എൻ | സെക്രട്ടറി | 03-06-2019 | 17-07-2019 |
| ശ്രീ.സുനിൽ കുമാർ എസ്(AS) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-07-2019 | 19-07-2019 |
| ശ്രീ.എം പ്രദീപൻ | സെക്രട്ടറി | 20-07-2019 | 13-10-2019 |
| ശ്രീ.ലിജു ജോൺ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-10-2019 | 27-10-2019 |
| ശ്രീ.എം പ്രദീപൻ | സെക്രട്ടറി | 28-10-2019 | 06-01-2020 |
| ശ്രീ.ലിജു ജോൺ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-01-2020 | 26-01-2020 |
| ശ്രീ.എം പ്രദീപൻ | സെക്രട്ടറി | 27-01-2020 | 31-03-2020 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 13-10-2019 |
| ശ്രീ.ലിജു ജോൺ കെ | അസിസ്റ്റന്റ് സെക്രട്ടറി | 14-10-2019 | 31-03-2020 |
| ഉഷാർ കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 16-09-2019 |
| കൃഷ്ണകുമാർ ഒ എച്ച് | അസിസ്റ്റന്റ് എഞ്ചിനിയർ | 17-09-2019 | 18-12-2019 |
| അരുൺ ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 19-12-2019 | 06-01-2020 |
| കൈലാസ് എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 07-01-2020 | 31-03-2020 |
| മീര എൻ | കൃഷി ഓഫീസർ | 01-04-2019 | 14-01-2020 |
| സജു എസ് എസ് | കൃഷി ഓഫീസർ | 15-01-2020 | 31-03-2020 |
| ഭവ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ജോൺസൺ.കെ.വി | വി.ഇ.ഒ (നീർച്ചാൽ സെക്ഷൻ) | 01-04-2019 | 31-03-2020 |
| ഗോപിക | വി.ഇ.ഒ (ബദിയഡുക്ക സെക്ഷൻ) | 01-04-2019 | 31-03-2020 |
| സുബ്രഹ്മണ്യ ഭട്ട് കെ | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| ഡോ.ചന്ദ്രബാബു.ഇ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.സത്യശങ്കരഭട്ട്.പി.വി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ രശ്മി ആർ ഒ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ ചാർളി മാത്യു | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശാലിനി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| അനിൽ കുമാർ എ ജി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Gopalakrishna Nayik (Audit Officer, On 19-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2 |
| 3 | ട്രയൽ ബാലൻസിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-1 |
| 4 | റീക്കൺസിലിയേഷനിലെ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-10-2021) | 1-2-2 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-3 |
| 6 | വായ്പാ ബാദ്ധ്യതയ്ക്ക് തത്തുല്യമായ തുക ആസ്തി ഹെഡിൽ ചേർത്തിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-4 |
| 7 | വികസന ഫണ്ട് ജനറൽ വിഭാഗത്തിന്റെ വരുമാനക്കണക്കിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-5 |
| 8 | സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ കണക്കിൽ അവ്യക്തതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-6 |
| 9 | മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ഇല്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-7 |
| 10 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-8 |
| 11 | ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക യഥാസമയം അടച്ചിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-9 |
| 12 | KURDFC ലോണിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 20-10-2021) | 1-2-10 |
| 13 | ബാങ്ക് അക്കൗണ്ടിൽ വരവു വന്ന തുക തിരിച്ചറിയാനാവാത്ത തുക എന്ന കണക്കിൽ പെടുത്തി<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-11 |
| 14 | ജേണൽ എൻട്രികൾ ആധികാരികമല്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021) | 1-2-12 |

| | | |
|---|---|---|
| | Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | |
| 15 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-13 |
| 16 | അക്കൗണ്ട്സ് സംബന്ധിച്ച നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-2-14 |
| 17 | സാമ്പത്തിക വിശകലനം<br>Written By: Vinod Kumar. V (Asst. Audit Officer, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 04-10-2021) | 1-3 |
| 18 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Gopalakrishna Nayik (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 16-11-2021) | 1-4 |
| 19 | പദ്ധതി അവലോകനം.<br>Written By: Gopalakrishna Nayik (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-6 |
| 21 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Janardanan C (Senior Grade Auditor, On 20-09-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 20-09-2021) | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം<br>Written By: Gopalakrishna Nayik (Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-9 |
| 24 | വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യത<br>Written By: Janardanan C (Senior Grade Auditor, On 28-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-10 |
| 25 | രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-11 |
| 26 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Janardanan C (Senior Grade Auditor, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-12 |
| 27 | ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-13 |
| 28 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു<br>Written By: Gopalakrishna Nayik (Audit Officer, On 26-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-11-2021) | 1-14 |
| 29 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 1-15 |
| 30 | ടി.ആർ.7എ) ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-10-2021) | 1-16 |
| 31 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 27-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-11-2021) | 1-17 |

| | | |
|---|---|---|
| 32 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 05-10-2021) | 1-18 |
| 33 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-10-2021) | 1-19 |
| 34 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-10-2021) | 1-20 |
| 35 | മഹാത്മാ ഗാന്ധി പ്രതിമ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-10-2021) | 1-21 |
| 36 | ടി.ബി.രോഗികൾക്ക് പോഷകാഹാരം വിതരണം - രേഖകൾ ഹാജരാക്കിയില്ല<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-10-2021) | 1-22 |
| 37 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തി യിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 24-09-2021) | 1-23 |
| 38 | ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിലെ അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: Janardanan C (Senior Grade Auditor, On 23-09-2021) | 1-24 |
| 39 | എം.എൻ.ആർ.ഇ.ജി.എസ്.- കോൺക്രീറ്റ് റോഡ് നിർമ്മാണം - പ്രത്യേക പരിശോധന<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-11-2021) | 1-25 |
| 40 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 23-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 25-09-2021) | 1-26 |
| 41 | ഗുണഭോക്തൃ സമിതി പ്രവൃത്തി -സ്രോതസ്സുകളിൽ നിന്നും നികുതികൾ കുറവു ചെയ്തില്ല<br>Written By: Gopalakrishna Nayik (Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-11-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 22-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 22-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 19-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 19-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 09-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 09-09-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 28-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 12-11-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 19-09-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 19-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണസമിതി തീരുമാനം നം. / തിയതി | 1(2),Dated. 14-02-2019 | 1(1), Dated. 30-03-2020 |
| മുന്നിരിപ്പ് | 20,38,47,934 | 2,51,27,144 |
| വരവ് | 26,30,39,500 | 38,54,03,110 |
| ആകെ | 46,68,87,434 | 41,05,30,254 |
| ചെലവ് | 27,56,93,035 | 39,27,03,468 |
| നീക്കിയിരിപ്പ് | 19,11,91,399 | 1,78,26,786 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ

ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ട്രയൽ ബാലൻസിൽ പിശക്

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ട്രയൽ ബാലൻസിൽ അപാകതകളുണ്ട്. മിക്ക അക്കൗണ്ടുകളുടെയും നീക്കിയിരിപ്പിൽ ഡെബിറ്റിലും ക്രഡിറ്റിലും തുകയുള്ളതായാണ് ട്രയൽ ബാലൻസിൽ ഉള്ളത്.

### 1-2-2 റീക്കൺസിലിയേഷനിലെ പിശക്

കാനറാ ബാങ്കിലെ തനതു ഫണ്ട് അക്കൗണ്ട് 3856 ന്റെ 31.03.2020 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തെറ്റാണ്. ഇതിൽ 22.02.2020 ലെ 782798 നമ്പർ ചെക്ക് പ്രകാരമുള്ള 75,756/- രൂപ Cheques Issued But Not Presented To Bank എന്ന കണക്കിൽ പെടുത്തിയിട്ടുണ്ട്. ഇതേ ചെക്ക് നമ്പർ രേഖപ്പെടുത്തി 72,756/- രൂപ Directly Debited By The Bank എന്ന കണക്കിലും പെടുത്തിയിട്ടുണ്ട്.

Cheques Deposited But Not Collected എന്ന കണക്കിൽ 31.03.2020 ലെ 119020500016 നമ്പർ രശീതി പ്രകാരമുള്ള 4,836/- ചേർത്തിട്ടുണ്ട്. എന്നാൽ ഇത് Instrument നമ്പർ 664195 ന്റെ തിയതി 26.06.2019 ആണ്. 9 മാസമായിട്ടും ഈ തുക വരവു വരാത്തത് പരിശോധിക്കേണ്ടതാണ്.

ട്രഷറിയിലെ സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിന്റെ 31.03.2020 ലെ റീക്കൺസിലിയേഷനിൽ Cheques Deposited But Not Collected എന്ന കണക്കിൽ 08.2.2018 ലെ 11704500041 നമ്പർ രശീതി പ്രകാരമുള്ള 18,750/- രൂപയും ചേർത്തിട്ടുണ്ട്. എന്നാൽ ഈ Instrument നമ്പർ 7336468 ന്റെ തിയതി 08.02.2018 ആണ്. ഇത്ര വർഷമായിട്ടും തുക വരവു വരാത്തത് പരിശോധിക്കേണ്ടതാണ്.

**1-2-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ/തേയ്മാനം/പെൻഷൻ തുകകൾ- രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺറോഡ്) എന്നീ ഫണ്ടുകളിൽ നിന്നും 312100101- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് 31.03.2020 ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ / രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വിവിധ ആസ്തികൾക്ക് 2019-20 വർഷം തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെയും തേയ്മാന പട്ടിക പഞ്ചായത്ത് അംഗീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ തുകകൾ ജേർണൽ വൗച്ചറുകൾ മുഖേന വരുമാനക്കണക്കിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന് ആധാരമാക്കിയ സാക്ഷ്യപ്പെടുത്തിയ DBTസ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-2-4 വായ്പാ ബാദ്ധ്യതയ്ക്ക് തത്തുല്യമായ തുക ആസ്തി ഹെഡിൽ ചേർത്തിട്ടില്ല**

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 330500201-Secured Loan From KURDFC എന്ന ബാദ്ധ്യതാ കണക്കിൽ 4,89,12,624/- രൂപയാണ് ചേർത്തിട്ടുള്ളത്. എന്നാൽ 440500101- Prepaid Programme Expenses എന്ന ആസ്തി കണക്കിൽ ചേർത്തിട്ടുള്ള തുക 4,84,32,624/- രൂപ മാത്രമാണ്.

**1-2-5 വികസന ഫണ്ട് ജനറൽ വിഭാഗത്തിന്റെ വരുമാനക്കണക്കിൽ പിശക്**

2019-20 ലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് 1,65,06,220/- രൂപയാണ്. ഇതിനു പുറമേ 50,40,412/- രൂപ വിവിധ ചെലവുകൾക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. അത് കൊണ്ട് ആകെ ചെലവ് 2,15,46,632/- രൂപയാണ്. ഇതിൽ നിന്നും 7,33,785 രൂപ 31.03.2020 ലെ 41900405 നമ്പർ ജേർണൽ മുഖേന ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. അത് കിഴിച്ചാൽ 2019-20 വർഷത്തെ വികസന ഫണ്ട് ജനറൽ ഇനത്തിലെ റവന്യൂ വരുമാനം 2,24,26,015/- രൂപയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ 160100101- Development Fund -General എന്ന വരുമാനക്കണക്കിൽ ചേർത്തിട്ടുള്ളത് 1,90,51,847/- രൂപയാണ്.

സുലേഖ സോഫ്റ്റ്വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾക്ക് ജി.ഒ. പ്രോജക്ടിൽ ചെലവ് രേഖപ്പെടുത്തിയ ശേഷം വികസന ഫണ്ട് ജനറൽ വിഭാഗത്തിലെ ആകെ ചെലവ് 1,97,85,632/- രൂപയാണ്. ഈ കണക്കുകളും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**1-2-6 സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ കണക്കിൽ അവ്യക്തതകൾ**

സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച കോൺട്രിബ്യൂഷന്റെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് എന്നീ രേഖകളിൽ വ്യത്യസ്തമായി രേഖപ്പെടുത്തിക്കാണുന്നു. ഇതിന്റെ കാരണങ്ങൾ വ്യക്തമല്ല.

| | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് | സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് |
|---|---|---|---|
| 160300101- Contributions Towards | 44,76,000 | 42,45,500 | 45,97,063 |

| | | | |
|---|---|---|---|
| Joint Venture Projects- District Panchayat | | | |

**1-2-7 മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ഇല്ല**

31.03.2020 ലെ ബാലൻസ് ഷീറ്റിൽ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ ബാക്കിയുള്ള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 320700104 | Contributions For Joint Venture- Capital Expenditre- From Block Panchayats | 66,638 |
| 320700105 | Contributions For Joint Venture- Capital Expenditre- From District Panchayats | 19,27,360 |
| 320700204 | Contributions For Joint Venture- Revenue Expenditre- From Block Panchayats | 24,78,539 |
| 320700205 | Contributions For Joint Venture- Revenue Expenditre- From District Panchayats | 7,14,618 |
| 320700405 | Contributions For Joint Venture- Other Specific Expenses- From District Panchayats | 17,75,000 |
| | | 69,62,155 |

എന്നാൽ സംയുക്ത പദ്ധതികൾക്കുള്ള വിഹിതങ്ങൾ കൈകാര്യം ചെയ്യുന്ന ട്രഷറിയിലെ ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ 31.03.2020 ന് 1,63,07,679/- രൂപ നീക്കിയിരിപ്പുണ്ട്. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ എന്ന വകയിലെ ബാദ്ധ്യത തുകയും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇതിന് വിശദീകരണം നൽകിയിട്ടില്ല.

**1-2-8 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ പോരായ്മകൾ**

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസറും വെറ്റിനറി സർജനും നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരുന്നു.

**1-2-9 ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക യഥാസമയം അടച്ചിട്ടില്ല**

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 320800299 - Donations To Flood എന്ന കണക്കിൽ 31,678/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക യഥാസമയം ഒടുക്കാത്തത് ശരിയല്ല.

**1-2-10 KURDFC ലോണിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ**

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 330500201-Secured Loan-Loan From KURDFC എന്ന ഹെഡിൽ 4,89,12,624/- രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ ഈ കണക്കിൽ 28.02.2020 ലെ 11902090026 പ്രകാരം കാനറാ ബാങ്ക് അക്കൗണ്ടിൽ വരവു വന്ന 61,36,755/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന വിഹിതം ആണ്. 31.03.2020 ലെ യഥാർത്ഥ ലോൺ ബാദ്ധ്യത 4,27,75,869/- രൂപ മാത്രമാണ്.

**1-2-11 ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുക തിരിച്ചറിയാനാവാത്ത തുക എന്ന കണക്കിൽ പെടുത്തി**

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 350800199-Other Creditors എന്ന കണക്കിൽ 22,576/- രൂപയുണ്ട്. 26.04.2018 ലെ 118020900034 എന്ന രശീതി വൗച്ചർ പ്രകാരമുള്ള 20,000/- രൂപ ഈ കണക്കിലാണ് പെടുത്തിയിട്ടുള്ളത്. 25.04.2018 ന് കാനറാ ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തിരിച്ചറിയാനാവാത്ത തുക എന്ന നരേഷനാണ് ഈ വരവിന് രേഖപ്പെടുത്തിക്കാണുന്നത്. ബാങ്ക് അക്കൗണ്ടുകളിൽ വരവ് വരുന്ന തുകകൾ തിരിച്ചറിയാനാവാത്ത കണക്കുകളിൽ പെടുത്തുന്നത് ശരിയായ നടപടിയല്ല.

**1-2-12 ജേണൽ എൻട്രികൾ ആധികാരികമല്ല.**

ജേണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല.

**1-2-13 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്**

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകതയുണ്ട് 01.04.20219ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും 31.03.2020 ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 90,29,453/- രൂപ (വർദ്ധനവ്) യാണ്. എന്നാൽ ക്യാഷ് ഫ്ലോ പട്ടിക പ്രകാരം Operating Activities, Investing Activities, Financing Activities എന്നിവ വഴി ക്യാഷിൽ 1,58,91,303/- രൂപയുടെ കുറവ് വന്നതായാണ് കാണിച്ചിട്ടുള്ളത്.

**1-2-14 അക്കൗണ്ട്സ് സംബന്ധിച്ച നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ**

സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താനുള്ള സംവിധാനമില്ല.

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുകകൾ മാത്രമേ അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ാം

തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടു കൂടി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## <u>1-3 സാമ്പത്തിക വിശകലനം</u>

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 4,01,23,683 |
| വരവ് | 10,20,65,601 |
| ആകെ | 14,21,89,284 |
| ചെലവ് | 9,30,01,059 |
| നീക്കിയിരിപ്പ് | 4,91,88,225 |

## <u>1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം</u>

<u>A).ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23159800 | 23159800 | 21546632 | 1613168 | പട്ടികയിലെ ചെലവ് തുക കൂടാതെ 5 ബില്ലുകളിലായി 1384266/- രൂപയുടെ ബില്ലുകൾ ക്യൂബിൽ ആയിട്ടുണ്ട്. |
| വികസനഫണ്ട് എസ്.സി.പി. | 0 | 10125000 | 10125000 | 3153111 | 6971889 | പട്ടികയിലെ ചെലവ് തുക കൂടാതെ 1890746 രൂപ യുടെ 7 ബിൽ ക്യൂ ആയിട്ടുണ്ട്. |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7918000 | 7918000 | 2455419 | 5462581 | പട്ടികയിലെ ചെലവ് തുക കൂടാതെ 5 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബില്ലുകളിലായി 1836233/- രൂപയുടെ ബില്ലുകൾ ക്യൂബിൽ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 17316000 | 17316000 | 3408879 | 13907121 | പട്ടികയിലെ ചെലവു തുക കൂടാതെ 23 ബില്ലുകളി ലായി 7677317 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 6946000 | 6946000 | 1793640 | 5152360 | പട്ടികയിലെ ചെലവു തുക കൂടാതെ 3 ബില്ലു കളിലായി 183291 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14943684 | 14943684 | 5354387 | 9589297 | പട്ടികയിലെ ചെലവു തുക കൂടാതെ 7 ബില്ലുകളിലായി 2846413 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| ദുരിതാശ്വാസനിധി | 11500 | 0 | 11500 | 0 | 11500 | |
| ആകെ | 0 | 75073154 | 75073154 | 32377538 | 42695716 | |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹5040412/- (ജനറൽ), ₹161765/- (ടി.എസ്.പി) ₹132353/- എസ്.സി.പി. എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

<u>B).ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16506220 | 16506220 | 16506220 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2991346 | 2991346 | 2991346 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2323066 | 2323066 | 2323066 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3408879 | 3408879 | 3408879 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1793640 | 1793640 | 1793640 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5354287 | 5354287 | 5354287 | 0 |
| ബി ഫണ്ട് | | | | | |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| തൊഴിൽ രഹിത വേതനം | | 0 | 0 | 0 | 0 | 0 |
| വിവാഹധനസഹായം | | 0 | 420000 | 420000 | 420000 | 0 |
| നെൽ ഉല്പാദക ബോണസ്സ് | | 0 | 100000 | 100000 | 100000 | 0 |
| തൊഴിലുറപ്പ് -100 ദിന ഇൻസെന്റീവ് | | 0 | 293000 | 293000 | 293000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | | 2547177 | 1358492 | 3905669 | 1358492 | 2547177 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | | 4847478 | 4166563 | 9014041 | 4597063 | 4416978 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | |
| തൊഴിലുറപ്പ് പദ്ധതി | കൂലി | | 23174651 | 23174651 | 23174651 | |
| | | 21971 | 1579093 | 1601064 | 1250307 | 350757 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | | 2854339 | 1416282 | 4270621 | 0 | 4270621 |
| മറ്റ് കേന്ദ്ര ഗ്രാന്റുകൾ | | | | | | |
| ടോട്ടൽ സാനിറ്റേഷൻ | | 1966363 | 0 | 1966363 | 0 | 1966363 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | |
| ലൈഫ് മിഷൻ സംസ്ഥാനവിഹിതം | | 0 | 7615522 | 7615522 | 7615522 | 0 |
| ശുചിത്വ മിഷൻ | | 629515 | 0 | 629515 | 11086 | 618429 |
| ഗുണഭോക്തൃ വിഹിതം | | 27000 | 116875 | 143875 | 40425 | 103450 |

മേൽ വരവ് ചെലവുകൾ കൂടാതെ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 14352466/- രൂപ വരുമാനമുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 313 | 194510557 | 119 | 80040600 | 0 | 194 | 40.9 |

<u>നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം</u>

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | |
|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക |
| 1 | സെക്രട്ടറി | 39 | 15241196 | 20 | 5159624 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 3124700 | 0 | 0 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 202 | 65387172 | 57 | 13884892 |
| 4 | കൃഷി ഓഫീസർ | 9 | 6187426 | 6 | 3681241 |
| 5 | | | | | |

| | | | | | |
|---|---|---|---|---|---|
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 9 | 82551955 | 6 | 45119593 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 10979558 | 9 | 5683782 |
| 7 | വെറ്റിനറി സർജ്ജൻ | 6 | 2481050 | 6 | 1200358 |
| 8 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 3 | 600000 | 3 | 595637 |
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 3 | 940000 | 3 | 554152 |
| 10 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 250000 | 1 | 250000 |
| 11 | പ്രധാനാധ്യാപകൻ | 13 | 5417500 | 7 | 3843454 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1350000 | 1 | 67867 |
| | ആകെ | 313 | 194510557 | 119 | 80040600 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 21971 | 1579093 | 1601064 | 1250307 | 350757 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 23174651 | 23174651 | 23174651 | 0 |
| ആകെ | 21971 | 24753744 | 24775715 | 24424958 | 350757 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 3,38,415 (തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 15.28 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 3.28 കോടി രൂപയുടെ 217 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 84,809 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 121 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 907200 | 324 |
| വിധവാ പെൻഷൻ | 7871400 | 2663 |
| വാർദ്ധക്യകാല പെൻഷൻ | 10188900 | 3439 |
| വികലാംഗ പെൻഷൻ | 2065300 | 688 |
| അവിവാഹിതകളായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 218400 | 74 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 20,827/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഡ്രൈവർ ഗ്രേഡ്-2 | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 |
| 9 | പാർട് ടൈം സ്വീപ്പർ | 2 |

2019-20 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ പ്രധാന തസ്തികകൾ പലതും ദീർഘകാലമായി ഒഴിഞ്ഞു കിടന്നിരുന്നു. ജീവനക്കാരുടെ കുറവും ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ ചെറിയ കാലയളവിൽ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തശേഷം മറ്റ് ഗ്രാമ പഞ്ചായത്തുകളിലേക്ക് സ്ഥലം മാറി പോകുന്നതും ഓഫീസ് പ്രവർത്തനത്തെയും പദ്ധതി നിർവ്വഹണത്തെയും ബാധിച്ചിട്ടുണ്ട്.

<u>ഓഫീസ് ജോലി വിഭജനം</u>

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

<u>ഭരണസമിതി യോഗം</u>

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

<u>കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting)-</u>

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 14 തവണ ചേർന്നിട്ടുണ്ട്.

<u>പേഴ്സണൽ രജിസ്റ്റർ-</u>

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പു കൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. സൂചിക സോഫ്റ്റ് വെയർ 2019-20 വർഷത്തിൽ ബാധകമാക്കിയിട്ടില്ല.

## <u>1-10 വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യത</u>

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ട്. സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 202 ആണ്. എന്നാൽ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 351 റോഡുകൾ സ്ഥാപനത്തിലുണ്ട്. ഇത് തമ്മിലുള്ള വ്യത്യാസം 149 ആണെങ്കിലും സോഫ്റ്റ് വെയറിൽ ഉൾപ്പെട്ട റോഡുകളിൽ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിന് പുറമേയുള്ള സംസ്ഥാന പാത, ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ റോഡുകൾ എന്നിവ ഉൾപ്പെടുന്നതിനാൽ വ്യത്യാസം മേല്പറഞ്ഞതിൽ കൂടുമെന്ന് കാണാം. സോഫ്റ്റ് വെയറിൽ നിന്നും ഒഴിവാക്കപ്പെട്ട ആസ്തി രജിസ്റ്ററിലെ റോഡുകളുടെ സമീപത്ത് നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ , ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോയാണ് ചെയ്യുന്നത്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകും. റോഡിന്റെ വീതി നികുതി നിരക്കിനെ ബാധിക്കുമെന്നതിനാൽ തെറ്റായി നല്കുന്ന വിവരം നഷ്ടത്തിലേക്ക് നയിക്കുമെന്നതാണ് കാരണം. 2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20% ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും . കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട വീതി തന്നെ സ്വീകരിക്കുന്നത് സോഫ്റ്റ് വെയർ തന്നെ ചെയ്യുമ്പോൾ നഷ്ടത്തിന് സാധ്യതയില്ലാതാകുന്നു. ആസ്തി രജിസ്റ്ററിലെ മുഴുവൻ റോഡുകളും ഇപ്രകാരം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

കൂടാതെ , മേഖലകൾ , വിവിധ വീതിയിലുള്ള റോഡുകൾ എന്നിവ ഏതൊക്കെന്ന് വ്യക്തമാക്കി ഇറക്കിയ വിജ്ഞാപനത്തിന്റെ പകർപ്പ്, ആവശ്യപ്പെട്ടിട്ടും സ്ഥാപനത്തിന് ഹാജരാക്കാൻ കഴിഞ്ഞില്ല. ഇത് കൊണ്ട് തന്നെ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ട റോഡുകൾ അവ ഉൾപ്പെടേണ്ട ഗണത്തിൽ തന്നെ ഉൾപ്പെട്ടോയെന്ന് പരിശോധിക്കാനായില്ല. നിലവിൽ ആസ്തി രജിസ്റ്ററിലെ 233 റോഡുകൾ 5 മീറ്ററിൽ കൂടുതലുള്ളതാണ് . ഇത് കൂടാതെ മറ്റ് സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളെല്ലാം 5 മീറ്ററിൽ

കൂടിയതായിരിക്കും. വിജ്ഞാപനത്തിൽ ഇവയെല്ലാം ഉൾപ്പെടേണ്ട ഗണത്തിൽ തന്നെയാണോയെന്ന് പരിശോധിക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-11 രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുന്നില്ല

രശീതികൾ ക്യാൻസൽ ചെയ്യേണ്ടി വരുന്ന സന്ദർഭത്തിൽ , എന്ത് കാരണം കൊണ്ടാണ് ക്യാൻസൽ ചെയ്യുന്നതെന്ന രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ | തുക |
|---|---|---|
| 1. | 12106/43 | 910/- |
| 2. | 12105/86 | - |
| 3. | 6751/38 | - |
| 4. | 6749/67 | - |

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി കുറവായാണ് ഒടുക്കി കാണുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | തസ്തിക | ആകെ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1. | ജി.എച്ച്.എസ്. പെർഡാല | അബ്ദുൾ അസീസ് | എച്ച്.എസ്.എ. കണക്ക് | 68850 X 6 | 600 | 1250 | 650 |
| 2. | ജി.എച്ച്.എസ്. പെർഡാല | ഇബ്രാഹിം ഖലീൽ | എച്ച്.എസ്.എ. അറബിക് | 60190 X 6 | 750 | 1250 | 500 |
| 3. | ജി.എച്ച്.എസ്. പെർഡാല | ശിബിന ബിൻഡ് ഐസക് | എച്ച്.എസ്.എ. ഫിസിക്സ് | 76975 X 6 | 750 | 1250 | 500 |
| 4. | ജി.എച്ച്.എസ്. പെർഡാല | ആൽവിൻ ജോർജ് | യു.പി.എസ്.എ. | 66980 X 6 | 600 | 1250 | 650 |
| 5. | ജി.എച്ച്.എസ്. പെർഡാല | രമ്യ | യു.പി.എസ്.എ. | 66980 X 6 | 600 | 1250 | 650 |
| 6. | ജി.എച്ച്.എസ്. പെർഡാല | സന്ധ്യ ഐ | എച്ച്.എസ്.എ. സോഷ്യൽ സയൻസ് | 76975 X 6 | 750 | 1250 | 500 |
| 7. | സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക | അമിത്ബിക്രാൻ പട്നായിക് | സീനിയർ മാനേജർ | 73432 X 6 | 850 | 1250 | 400 |
| 8. | സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക | ശിവ പി വർമ | അസി.മാനേജർ | 56193 X 6 | 850 | 1250 | 400 |
| | ആകെ കുറവ് | | | | | | 4250 |

തൊഴിൽ നികുതി ഇനത്തിൽ കുറവു വന്ന തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ചില പത്രികകളിൽ ആകെ വരുമാനം കാണിക്കാതെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ആയതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 6/19-20 തീയതി 17-9-2021).

## 1-13 ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

| ക്രമ നം | പ്രൊജക്ട് നം. / പേര് | തുക നൽകിയ സ്ഥാപനം | നൽകിയ തുക |
|---|---|---|---|
| 1 | പ്രൊജക്ട് നം. 0247/20 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർ ത്ഥികൾക്ക് ലാപ്പ്ടോപ്പ്- (27 എണ്ണം) പർച്ചേസ് ഇൻവോയ്സ് നം KSEDC/ CLT/ 2018-19/ 0A/ 2978/ 246/ 20.03.2019 | കെൽട്രോൺ A/C No.10622324516 | 7,99,200/- (ബിൽ നം.1/07.05.2019 |
| 2 | പ്രൊജക്ട് നം. 0239/20 പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - (16 No) പർച്ചേസ് ഇൻവോയ്സ് നം KSEDC/CLT/ 2018-19/ 0A/ 2978/ 246/ 20.03.2019 | കെൽട്രോൺ A/C No.10622324516 | 4,73,600/- (ബിൽ നം. 2/07.05.2019 |
| 3 | പ്രൊജക്ട് നം.0358/20 പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട 8ാം ക്ലാസ് – വിദ്യാർത്ഥികൾക്ക് സൈക്കിൾ – (102 വിദ്യാർത്ഥികൾ ) പർച്ചേസ് ഇൻവോയ്സ് നം. 03/ 26.09.2019<br>ഇൻവോയ്സ് നം. 04/ 26.09.2019<br>ഇൻവോയ്സ് നം. 05/ 26.09.2019 | സുനിൽ കുമാർ കെ തോട്ടത്തിൽ Enterprises ചെങ്കള A/C No.210401011000282 | 3,40,800/- ബിൽ നം. 5/09.10.2019<br>1,48,800/- ബിൽ നം. 6/20.01.2020 |

ഈ പ്രൊജക്ടുകൾ നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

**1)** ജി.ഒ.(പി)നം. 259/2010/ ത.സ്വ.ഭ.വ. തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പു വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. എന്നാൽ പ്രൊജക്ട് നമ്പർ 0358/20 ന് മാത്രമാണ് ഇപ്രകാരം നടപടിക്രമം പാലിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**2)** മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന്

വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങ് നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

**3)** പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**4)** പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വകുപ്പ് എന്നിവയിൽ നിന്നും മേശയും കസേരയും /ലാപ്പ് ടാപ്പ് / സൈക്കിൾ ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം (പട്ടികജാതി ഓഫീസറിൽ നിന്നുള്ളത്) പരിശോധനയ്ക്ക് ഹാജരാക്കിയില്ല . ഗുണഭോക്താക്കൾ പട്ടികജാതി /വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല .

5) പ്രൊജക്ട് നം. 0358/20 8ാം – ക്ലാസ് പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ- വിതരണം നടത്തിയതിൽ കാർത്തിക എന്ന വിദ്യാർത്ഥിനിയുടെ പഠന (Study)സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മേൽ ചൂണ്ടികാണിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വറി 08/20.09.2021)

## 1-14 കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
